**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3224** — **19-06-2019-ൽ മറുപടിക്ക്**

# കാർഷിക വായ്പകൾക്ക് മോറട്ടോറിയം

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.വി.ടി. ബൽറാം**
**ശ്രീ.റോജി എം. ജോൺ**
**ശ്രീ.എ.പി. അനിൽകുമാർ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാർഷിക വായ്പകൾക്ക് 2019 ഡിസംബർ 31 വരെ സർക്കാർ മോറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>2018 ഓഗസ്റ്റ് 20 ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ്വ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്യു അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbc.kerala.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഇതിൻപ്രകാരം അർഹമായ കർഷകരുടെ വായ്പകൾക്കാണ് മോറട്ടോറിയം അനുവദിച്ചിട്ടുള്ളത്. വിള ഉൽപ്പാദന വായ്പകൾക്ക് പ്രളയ കാലം മുതൽ ഒരു വർഷത്തേക്കും, ദീർഘകാല വായ്പകൾക്ക് ഒരു വർഷം മുതൽ ഒന്നര വർഷം വരെയുമാണ് മോറട്ടോറിയം നിലവിലുള്ളത്.<br>കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ, കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും, മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-18 ലെ സ.ഉ (എം.എസ്) 367/2018/റവ |

| | | | |
|---|---|---|---|
| | | | പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം അനുവദിച്ചിരുന്നു. ആയത് 27-05-2019 ലെ സ.ഉ (കൈ) നമ്പർ 146/2019/റവ നമ്പർ പ്രകാരം 31-12-2019 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇത് പരിഗണിക്കാതെ പല ബാങ്കുകളും കർഷകർക്ക് ജപ്തി നോട്ടീസ് അയയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ചില സഹകരണ ബാങ്കുകൾ മോറട്ടോറിയത്തിനു അർഹമായ വായ്പകളിന്മേൽ ജപ്തി നോട്ടീസുകൾ അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ആയത് നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ മാറനല്ലൂർ പഞ്ചായത്തിലെ കുവളശ്ശേരി സ്വദേശി എം.ബി.പത്മകുമാറിന് 20000 രൂപ കാർഷിക വായ്പയുടെ പേരിൽ ഊരൂട്ടമ്പലം എസ്.ബി.ഐ. ശാഖയിൽ നിന്നും ജപ്തി നോട്ടീസ് ലഭിച്ചുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | (സി) | കൃഷി വകുപ്പിൽ ഇതുവരെ ലഭ്യമായിട്ടില്ല. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല. പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ